

“സ്നാനം കഴിഞ്ഞയുടൻ യേശു വെള്ളത്തിൽനിന്നു കയറി.
അപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു” (മത്താ.3:16)

**ജൂൺ 2014: വിചിന്തനം: മത്തായി 3: 13–17**

സ്വർഗ്ഗം തുറക്കപ്പെട്ടിരിക്കുന്നു! ദൈവത്തിന്റെ ആത്മാവ് നമ്മിലേക്ക് ഇറങ്ങിവരുന്നു! ഉയിർപ്പുകാലത്തും പന്തക്കുസ്താ കാലത്തും നാം സവിശേഷമായി ആഘോഷിക്കുന്ന നമ്മുടെ രക്ഷയുടെ സദ്വാർത്ത ഇതാണ്. യേശുവിന്റെ മരണത്തിലൂടെയും പുനരുത്ഥാനത്തിലൂടെയും സ്വർഗ്ഗ കവാടം നമുക്കായി തുറക്കപ്പെട്ടിരിക്കുന്നു. പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ നമുക്ക് സ്വർഗീയപിതാവിനെ സമീപിക്കാം. അവിടുത്തെ “ആബ്ബാ! പിതാവേ!” എന്നുവിളിക്കാൻ പരിശുദ്ധാത്മാവ് നമ്മെ അനുവദിക്കുന്നു!

യേശുവിന്റെ മരണത്തിലും പുനരുത്ഥാനത്തിലും പങ്കാളികളാകുന്നതിനുള്ള സ്ഥായിയായ മാർഗമായി ജ്ഞാനസ്നാനം എന്ന കൂദാശ സ്ഥാപിക്കാൻ വേണ്ടിയാണ് യേശു ജോർദ്ദാനിൽവച്ച് സ്നാനമേറ്റത്. അവിടുന്ന് നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു; പാപത്തെ സംബന്ധിച്ചിട്ടത്തോളം നാം മരിച്ചവരാകുന്നതിനുവേണ്ടി ഇതേ മരണത്തിൽ നാം മാമ്മോദീസയിൽ യേശുവിനോട് ഐക്യപ്പെടുന്നു. വി.പൗലോസ് ചോദിക്കുന്നതുപോലെ “പാപത്തെ സംബന്ധിച്ചിടത്തോളം മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നതെങ്ങനെ? യേശുക്രിസ്തുവിനോട് ഐക്യപ്പെടാൻ ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാവരും അവന്റെ മരണത്തോട് ഐക്യപ്പെടാനാണ് ജ്ഞാനസ്നാനം സ്വീകരിച്ചതെന്നു നിങ്ങൾക്കറിഞ്ഞുകൂടെ?” (റോമ.6:2–3) അവനോടൊപ്പം മരണത്തിൽ ഐക്യപ്പെട്ട നമുക്ക് അന്ധകാരത്തിന്റെ പ്രവൃത്തികളുമായി ഒരിക്കലും പൊരുത്തപ്പെടാനാവില്ല. നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള ആനന്ദവും നിറഞ്ഞ ഒരു പുത്തൻ ജീവിത ശൈലിയിലേക്ക് അവനോടൊപ്പം ഉത്ഥാനം ചെയ്യുവാനുള്ള കൃപ നമുക്ക് നൽകപ്പെട്ടിരിക്കുന്നു.

ജ്ഞാനസ്നാനം വെറുമൊരു മാനുഷിക പാരമ്പര്യമല്ല. സമൂഹത്തിൽ പരസ്യമായി വിശ്വാസം ഏറ്റുപറയാനുള്ള ഒരവസരമാത്രമല്ല, ഓരോ മാമോദീസയിലും മനുഷ്യനല്ല, പിന്നെയോ ദൈവമാണ് മുഖ്യകർത്താവ്. ക്രിസ്തുവിനെക്കുറിച്ച് സ്നാപകൻ പറയുന്നു: “അവന്റെ ചെരിപ്പിന്റെ വാറഴിക്കുവാൻപോലും ഞാൻ യോഗ്യനല്ല” (യോഹ.1:27). “അവൻ പരിശുദ്ധാത്മാവിനാലും അഗ്നിയാലും നിങ്ങളെ സ്നാനപ്പെടുത്തും”. (മത്താ.3:11) എന്നിരുന്നാലും നമ്മുടെ ജ്ഞാനസ്നാനത്തോട് നമുക്ക് നിസ്സംഗത കാട്ടാനാവില്ല. നേരെ മറിച്ച്, ദൈവത്തിനും അവിടുത്തെ രാജ്യത്തിനുമായി നമ്മെത്തന്നെ സജീവമായി നൽകികൊണ്ട് മാമോദീസയുടെ കൃപയുമായി നാം സഹകരിക്കണം. ഇതുകൊണ്ടാണ്, ചില പ്രതിജ്ഞകൾ ഏറ്റുചൊല്ലികൊണ്ട് തിന്മയെ ഉപേക്ഷിക്കാനും ക്രിസ്തുവിനെ അനുഗമിക്കാനുമുള്ള തങ്ങളുടെ വ്യക്തിപരമായ പ്രതിബദ്ധത ഏറ്റുപറയാൻ സഭ ജ്ഞാനസ്നാനാർത്ഥികളോട് (അല്ലെങ്കിൽ മാതാപിതാക്കൾ, ജ്ഞാനസ്നാന മാതാപിതാക്കൾ) ആവശ്യപ്പെടുന്നത്. ഉത്ഥാനതിരുനാളിലും മറ്റവസരങ്ങളിലും നാം ഇതേ ജ്ഞാനസ്നാന വ്രതം നവീകരിക്കുന്നുണ്ട്. ക്രിസ്തുവിൽ ഒരു പുതുജീവൻ നയിക്കുന്നതിന് നാം നമ്മെതന്നെ സമർപ്പിക്കുന്നു. വി.പൗലോസ് എഴുതുന്നതുപോലെ “നിങ്ങൾ പാപത്തെ സംബന്ധിച്ചിടത്തോളം മരിച്ചവരാണെന്നും യേശുക്രിസ്തുവിൽ ദൈവത്തിനുവേണ്ടി ജീവിക്കുന്നവരാണെന്നും അറിഞ്ഞുകൊള്ളുവിൻ” (റോമ.6:11). ഇപ്രകാരം, ജ്ഞാനസ്നാനമേറ്റ വ്യക്തി, തികച്ചും വ്യത്യസ്തനായ ഒരു വ്യക്തി അഥവാ “ഒരു പുതിയ മനുഷ്യൻ” ആയിത്തീരുന്നു. അവൻ “തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിത ഗണവും ഒരു വിശുദ്ധ ജനതയും ദൈവത്തിന്റ സ്വന്തം ജനവും” എന്ന് വേർതിരിക്കപ്പെട്ടവരിലെ ഒരു വിശിഷ്ടാംഗമാകാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഇനി മുതൽ അയാൾ ക്രിസ്തീയാരാധനയ്ക്കായി അഭിഷിക്തനായ ഒരു വ്യക്തിയാണ്.

ഓരോ പന്തക്കുസ്താ തിരുനാളും ജീസസ് യൂത്ത് തങ്ങളുടെ പുനഃസമർപ്പണദിനമായി ആചരിക്കുന്നു. ഈ സവിശേഷമായ കാലയളവിൽ, നാം പരിശുദ്ധാത്മ സഹായത്തോടെ ജീസസ് യൂത്ത് ജീവിതശൈലിക്കും ആദ്ധ്യാത്മികതയ്ക്കുമായി നമ്മെതന്നെ പുനഃസമർപ്പിച്ചുകൊണ്ട് നമ്മുടെ ജീവിതത്തെ ക്രിസ്തുവിനും അവിടുത്തെ സഭയ്ക്കും വേണ്ടി ഒരിക്കൽകൂടി അർപ്പിക്കുന്നു. ഒരു ജീസസ് യൂത്ത് എന്ന നിലയിൽ ജീവിക്കാനുള്ള വിളി, നമ്മുടെ മാമോദീസയുടെ അടിസ്ഥാനവിളിക്കുള്ളിൽ അനുഭവവേദ്യമാകുന്ന സുവ്യക്തമായ ഒരു വിളിയാണ്. മുന്നേറ്റം അതിന്റെ രൂപപ്പെടലിലും വികാസത്തിലും സുനിശ്ചിതവും വ്യക്തവുമായ രൂപഭാവങ്ങളിൽ പക്വതയാർജിക്കുന്നതോടൊപ്പം നമ്മിലോരോരുത്തരും ജീസസ് യൂത്ത് എന്ന ഈ വിളി വ്യക്തിപരമായി കണ്ടെത്തുന്നതിൽ പക്വത കൈവരിക്കുകയെന്നതു സുപ്രധാനമാണ്. 30 സംവത്സരങ്ങൾക്കുമുമ്പ് ജീസസ് യൂത്തിന് അടിസ്ഥാനമിട്ട ആത്മാവ്, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മുന്നേറ്റത്തെ മനോഹരമായി നയിക്കുന്ന ആത്മാവ്, മാമോദീസയിലും മുന്നേറ്റത്തിലും നമ്മെ ഓരോരുത്തരെയും വ്യക്തിപരമായി വിളിച്ച ആത്മാവ്, ആഴങ്ങൾ തേടുന്നതിന്, നമ്മുടെ വിളിയുടെ പൂർണ്ണ പ്രാധാന്യം കണ്ടെത്തുന്നതിന് ജീസസ് യൂത്ത് മുന്നേറ്റത്തിലൂടെ നമ്മുടെ ജീവിതങ്ങളെ ദൈവത്തിന് ഒരിക്കൽകൂടി പുനരർപ്പിക്കുന്നതിന് നമ്മെ സഹായിക്കട്ടെ.

*ഓ പരിശുദ്ധ മറിയമേ, അങ്ങ് ഔദാര്യത്തോടെയും നിരുപാധികമായും ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരമേകുകയും പരിശുദ്ധാത്മാവിനാൽ പൂരിതയാവുകയും ചെയ്ത യുവതിയാണല്ലോ. ഞങ്ങളുടെ ജീവിതങ്ങളിലെ പരിശുദ്ധാത്മ പ്രവൃത്തികളോടു സജീവമായി സഹകരിക്കുന്നതിന് ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ...*